# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2356**. **07-10-2016 ൽ മറുപടിയ്ക്ക്**

## തരിശുപാടശേഖരങ്ങളിൽ നെൽകൃഷിയിറക്കുന്നതിന് ധനസഹായം

**ചോദ്യം**
ശ്രീ.ബി.ഡി. ദേവസ്സി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വർഷങ്ങളായി തരിശായി കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷിയിറക്കുന്ന കർഷകർക്കും, പാടശേഖര സമിതികൾക്കും സർക്കാർ എന്തെങ്കിലും ധനസഹായങ്ങൾ അനുവദിക്കുന്നുണ്ടോ; | (എ) | വർഷങ്ങളായി തരിശായി കിടന്നിരുന്ന കോട്ടയം ജില്ലയിലെ മെത്രാൻ കായൽ പുനരുജ്ജീവിപ്പിച്ച് 160 ഹെക്ടറിൽ നെൽകൃഷി നടത്തുന്നതിനായി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ 56 ഹെക്ടർ തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 153.76 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ ആർ.കെ. വി.വൈ പദ്ധതി പ്രകാരം ഹെക്ടറിന് 7500 രൂപ പ്രകാരം 2000 ഹെക്ടർ തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഹെക്ടറിന് 30000/- രൂപ ധനസഹായം നൽകി 2000 ഹെക്ടർ തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്-മുരിങ്ങൂർ ഡിവിഷനെ തരിശുരഹിത കൃഷിഭൂമി ഡിവിഷനായി മാറ്റുന്നതിന്റെ ഭാഗമായി 30 വർഷത്തിലധികമായി കൃഷി ചെയ്യാതെ കിടന്ന മേലൂർ കൈതോലപ്പാടത്ത് നെൽകൃഷിയിറക്കുന്നതിനായുള്ള സമൃദ്ധി പാടശേഖര സമിതിയ്ക്ക് ധനസഹായമടക്കമുള്ള സൗകര്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | 2016-17 വർഷം, മുണ്ടകൻ കൃഷി ആരംഭിച്ചിട്ടുള്ള 30 ഏക്കർ മേലൂർ ഗ്രാമപഞ്ചായത്തിലെ സമൃദ്ധി പാടശേഖരത്തിലേക്ക് നെൽവിത്ത് പൂർണ്ണമായും സൗജന്യത്തിലും കുമ്മായം കിലോയ്ക്ക് 5/- രൂപ നിരക്കിലും ഗ്രാമപഞ്ചായത്ത് വിഹിതമായി ഇപ്പോൾ നൽകുന്നുണ്ട്. തുതല പഞ്ചായത്ത് പദ്ധതി പ്രകാരം ജൈവവളത്തിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും ആനുകൂല്യം നൽകുന്നുണ്ട്. ഇതു കൂടാതെ കൃഷി വകുപ്പിന്റെ, സുസ്ഥിര നെൽകൃഷി വികസനം, ഉല്പാദനബോണസ്, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന ചെലവ് എന്നീ പദ്ധതികൾ പ്രകാരവും ധനസഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ